# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1002

30.01.2019-ലെ മറുപടി

### ജനങ്ങൾ നേരിടുന്ന പൊടിശല്യവും യാത്രാക്ലേശവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്കായി റോഡ് വെട്ടിപൊളിച്ച് പൈപ്പിടുന്ന പ്രവൃത്തി സമയബന്ധിതമായും കാര്യക്ഷമമായും നടത്താത്തതിനാൽ ജനങ്ങൾ നേരിടുന്ന പൊടിശല്യവും യാത്രാക്ലേശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുടിവെള്ള പദ്ധതിക്കായി റോഡ് വെട്ടിപൊളിച്ച് പൈപ്പിടുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (ബി) | റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കേരള വാട്ടർ അതോറിറ്റി നേരിടുന്ന കാലതാമസ ത്തിനുള്ള കാരണം. |
| (സി) | പൈപ്പിടുന്നതിനായി റോഡ് കട്ടിങ്ങിന് പൊതുമരാമത്ത് വകുപ്പിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവാദം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | 609 മീറ്റർ നീളത്തിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 441 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കാനുണ്ട്. 22.12.2016 ൽ PWD നൽകിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 51.17 ലക്ഷം രൂപയാണ് കെട്ടിവെയ്ക്കേണ്ടിയിരുന്നത്. ഈ തുക അടച്ചിട്ടുണ്ട്. പുതുക്കിയ PWD നിരക്ക് അനുസരിച്ച് 17.92 ലക്ഷം രൂപ കൂടി അടക്കേണ്ടതുണ്ട് എന്ന് 26.12.2018 ൽ PWD അറിയിച്ചതനുസരിച്ച് കേരള വാട്ടർ അതോറിറ്റി തുടർ നടപടി സ്വീകരിച്ചു വരുന്നു |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | റോഡ് കട്ടിങ്ങിന് അനുവാദം ലഭിക്കുന്നതിനായി ജല അതോറിറ്റി എന്നാണ് അപേക്ഷ സമർപ്പിച്ചത്; | (ഡി) | 29.9.16-ൽ. |
| (ഇ) | എത്ര രൂപയാണ് ഇതിനായി കെട്ടി വെക്കേണ്ടതായിട്ടുള്ളത്; പൊതുമരാമത്ത് വകുപ്പ് പ്രസ്തുത തുക കെട്ടി വെക്കുന്നതിനുള്ള എസ്റ്റിമേറ്റ് എന്നാണ് സമർപ്പിച്ചത്; വ്യക്തമാക്കാമോ; | (ഇ)-യും എഫും | 22.12.2016-ൽ PWD നൽകിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 51.17 ലക്ഷം രൂപയാണ് കെട്ടിവയ്ക്കേണ്ടിയിരുന്നത്. ഇപ്രകാരം 51.17 ലക്ഷം രൂപ അടച്ചിട്ടുണ്ട്. 26.12.2018-ൽ 17.92 ലക്ഷം രൂപ കൂടി അടയ്ക്കേണ്ടതായിട്ടുണ്ട് എന്ന് PWD അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകകെട്ടിവച്ച് അടുത്ത മഴക്കാലത്തിനു മുമ്പായി ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത തുക എന്നത്തേക്ക് കെട്ടിവെക്കാൻ സാധിക്കുമെന്നും അടുത്ത മഴക്കാലത്തിന് മുൻപ് പൊതുമരാമത്തിന്റെ അനുവാദം വാങ്ങി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ